27-11-2021

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -27/11/2021

1. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി ഇപ്രകാരമുള്ള തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ e - SHRAM പോർട്ടലിൽ വിവിധ മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ 2021 ഡിസംബർ 31 –നു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുപ്രകാരം കാർഷിക മേഖലയിലെ അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

2. ഈ വർഷത്തെ ലോക മണ്ണുദിനത്തോടനുബന്ധിച്ച് നവംബർ 29 മുതൽ ഡിസംബർ 5 വരെ വാരാഘോഷമായി നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാല **മണ്ണ് ദിന സെമിനാർ, കേരളത്തിലെ വിവിധയിനം മണ്ണിനങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രദർശനം, മണ്ണ് പരിശോധനാ ക്യാമ്പയിൻ** എന്നിവ സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം നവംബർ 29-ന് മുദാക്കൽ കൃഷിഭവനിൽ വച്ചും സമാപനം ശ്രീകാര്യം കൃഷിഭവനിൽ വച്ചും നടത്തുന്നു. ഇതിന്റെ ഭാഗമായി ഡിസംബർ 2-ന് പാറോട്ടുകോണം സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്റർ (സി.എസ്.പി.എച്ച്.സി) ഹാളിൽ സി.എസ്.പി.എച്ച്.സി, ജില്ലാ മണ്ണുപരിശോധനാ ലാബ് (ഡി.എസ്.റ്റി.എൽ) എന്നിവയ്ക്കൊപ്പം അന്താരാഷ്ട്ര മണ്ണു ദിന സെമിനാറും ഡിസംബർ 4-ന് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് വേണ്ടി പ്രദർശനവും, സെമിനാറും, മണ്ണ് ദിന ക്വിസും, മണ്ണ് പരിശോധനാ ക്യാമ്പും ജില്ലാ മണ്ണു പരിശോധനാ ശാലയ്ക്കൊപ്പം സംഘടിപ്പിച്ചിരിക്കുന്നു. തുടർന്ന് ഡിസംബർ 7-ന് അഴൂർ, 9-ന് പുളിമാത്ത, 13-ന് ആര്യങ്കോട്, 15-ന് കുന്നത്തുകാൽ, 18-ന് കള്ളിക്കാട്, 20-ന് അണ്ടൂർക്കോണം, 23-ന് മടവൂർ, 28-ന് വിളവൂർക്കൽ എന്നീ കൃഷിഭവനുകളിൽ മണ്ണുപരിശോധനാ ക്യാമ്പയിനുകൾ തിരുവനന്തപുരം മണ്ണ് പരിശോധനാശാല സംഘടിപ്പിക്കുന്നുണ്ട്.

3. ഷീറ്റുറബ്ബറുണ്ടാക്കുന്ന കർഷകർക്ക് പ്രോത്സാഹനമായി റബ്ബർബോർഡ് ധനസഹായം നൽകുന്നു. റബ്ബർപാലിന്റെയും ആർ.എസ്.എസ്. 4 ഷീറ്റിന്റെയും വിപണിവിലകളിലെ വ്യത്യാസം കണക്കാക്കി കിലോഗ്രാമിന് പരമാവധി രണ്ടു രൂപ വരെ കർഷകർക്ക് പ്രോത്സാഹനമായി നൽകുന്നതിനാണ് ബോർഡ് പദ്ധതിയിട്ടിരിക്കുന്നത്. റബ്ബറുത്പാദകസംഘങ്ങളിലോ റബ്ബർബോർഡ് കമ്പനികളിലോ ഷീറ്റുറബ്ബർ നൽകുന്ന കർഷകർക്കായിരിക്കും ഈ ആനുകൂല്യം ലഭിക്കുക. 2021 ഡിസംബർ മുതൽ 2022 ഫെബ്രുവരി വരെ മൂന്നു മാസത്തേക്കുള്ള പദ്ധതിക്കാലത്ത് ഒരു കർഷകന് പരമാവധി 5000 രൂപ വരെ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ധനസഹായത്തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുന്നതാണ്. പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ ഫീൽഡ് സ്റ്റേഷനുകളിലോ റീജിയണൽ ഓഫീസുകളിലോ കേന്ദ്ര ഓഫീസിലെ **0481 2576622** എന്ന കോൾസെന്റർ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുൽപ്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃപിതൃ ശേഖരത്തിൽപ്പെട്ട രണ്ടായിരത്തിൽപ്പരം കോഴികളെ സ്റ്റോക്കു തീരുന്നതുവരെ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471–2478585, 9495000931** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. **കാർഷിക വിള വർദ്ധനവിന് തേനീച്ച പരിപാലനം** എന്ന ആശയം മുൻനിർത്തി, പിലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രവും ഹോർട്ടികോർപ്പും സംയുക്തമായി **"തേനീച്ച കൃഷി"**യിൽ ഡിസംബർ 08 മുതൽ 10 വരെ ഗവേഷണ കേന്ദ്രത്തിൽ വെച്ച് ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ നവംബർ 30 നു മുമ്പായി 9846334758 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് ഈ മാസം 30 മുതൽ ഡിസംബർ മൂന്നു വരെ പാലക്കാട് ജില്ലക്കാർക്ക് മാത്രമായി നടത്തുന്ന **വാണിജ്യാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ** എന്ന വിഷയത്തിലുള്ള പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അടുത്തുള്ള വെറ്ററിനറി

സർജന്റെ ശുപാർശ സഹിതം 0491 2815454 എന്ന നമ്പറിലോ 9188522713 എന്ന വാട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെട്ട് ഇന്നു വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് .

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ മാസത്തിൽ കാടക്കോഴി വളർത്തൽ, തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും, കറവപ്പശു വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 0494 296 2296, 8089293728 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

8. മാവിന്റെ കായീച്ചകളെ നിയന്ത്രിക്കുന്നതിനായി ഫെറമോൺ കെണി മാവ് പൂത്ത് കഴിയുമ്പോൾ മുതൽ വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് മൂന്ന് മുതൽ നാല് മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം അഴുകിയ പഴം/തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടകെണികളിൽ 2 മില്ലി മാലത്തിയോൺ ഒരു കിലോ മിശ്രിതത്തിന് എന്ന അളവിൽ ഉപയോഗിക്കുന്നത് ഗുണം ചെയ്യും. ഒരേക്കർ മാവിൻതോട്ടത്തിന് ചുരുങ്ങിയത് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൊഴിഞ്ഞു വീഴുന്ന കണ്ണിമാങ്ങകൾ പെറുക്കിയെടുത്ത് നശിപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. പയറിൽ മൂഞ്ഞയുടെ ആക്രമണം കണ്ടാൽ രണ്ട് ശതമാനം വീര്യമുള്ള **വേപ്പെണ്ണ എമൾഷൻ** തളിക്കുക. അല്ലെങ്കിൽ **ലെക്കാനിസീലിയം ലെക്കാനി** എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ 3 മി.ലി **ഇമിഡാക്ലോപ്രിഡ്** അല്ലെങ്കിൽ 2 ഗ്രാം **തയാമെതോക്സാം** 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.